## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിലെ 2010-11, 2011-12 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3.1(എ) പ്രകാരം തടസ്സപ്പെടുത്തിയ 25,974/-(ഇരുപത്തി അയ്യായിരത്തി തൊള്ളായിരത്തി എഴുപത്തി നാല് രൂപ മാത്രം) രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം. 102/2019/തസ്വഭവ. തിരുവനന്തപുരം, തീയതി. 19.01.2019

---

പരാമർശം:- 1) ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.05.2016 ലെ എ 2-549/14 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 27.04.2017 ലെ എം3-10986/2017 നമ്പർ കത്ത്.
3) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 09.04.2018-ലെ കെ.എസ്.എ.11689/ പി.റ്റി2/2017 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിലെ 2010-11, 2011-12 വർഷത്തെ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 (എ) പ്രകാരം, ഇല്ലിചാരി കുടിവെള്ള പദ്ധതിക്ക് കറന്റ് ചാർജ്ജ് നൽകൽ എന്ന പ്രൊജക്ട് മുഖേന എസ്.സി. ഇല്ലിചാരി കുടിവെള്ള പദ്ധതിയുടെ വൈദ്യുത ചാർജ്ജായ 25,974/- രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കിയത് തടസ്സപ്പെടുത്തിയിരുന്നു. വൈദ്യുതചാർജ്ജ് ഗുണഭോക്തൃ സമിതി മുഖേന വഹിക്കാതെ ഗ്രാമപഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും ഒടുക്കിയതിനാലായിരുന്നു ടി തടസ്സപ്പെടുത്തൽ നടത്തിയത്. തുടർന്ന് ടി തടസ്സപ്പെടുത്തൽ സാധൂകരിച്ച് നൽകണമെന്നാവശ്യപ്പെട്ടുള്ള കരിങ്കുന്നം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (1) പ്രകാരമുള്ള അപേക്ഷ ഉചിതമാർഗ്ഗേന പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (2) പ്രകാരമുള്ള അനുകൂല ശിപാർശയോടുകൂടെ സർക്കാരിൽ ലഭിക്കുകയുണ്ടായി. ആയതിൻ മേൽ സർക്കാർ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം ആരായുകയും പരാമർശം (3) പ്രകാരം പ്രസ്തുത റിപ്പോർട്ട് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയും ചെയ്യുകയുണ്ടായി.

2. സാധൂകരണം സംബന്ധിച്ച സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ, ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറിയ ഇല്ലിചാരി കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജായ 25,974/-രൂപ ഗുണഭോക്തൃ സമിതി മുഖേന വഹിക്കാതെ ഗ്രാമപഞ്ചായത്ത് പ്ലാൻഫണ്ടിൽ നിന്നും ഒടുക്കിയത് ഓഡിറ്റിൽ നിരാകരിച്ചിരുന്നു എന്നും ഇല്ലിചാരി കുടിവെള്ള പദ്ധതി പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിർദ്ധനരായ കുടുംബങ്ങൾക്ക് വേണ്ടിയുള്ളതാണെന്നും ഗുണഭോക്താക്കളുടെ സാമ്പത്തിക പിന്നാക്കാവസ്ഥമൂലം കുടിവെള്ളം മുടങ്ങിപ്പോകാതിരിക്കാൻ വേണ്ടിയാണ് വൈദ്യുതി ചാർജ്ജ് ഒടുക്കിയതെന്നുമുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ 13.05.2016 ലെ 4(9) നമ്പർ തീരുമാനം, 05.11.2016 ലെ ഇടുക്കി ജില്ലാ മോണിറ്ററിംഗ് സമിതിയുടെ 11(8)-ാം നമ്പർ തീരുമാനം എന്നിവ പരിഗണിച്ച് ഖണ്ഡികയിൻമേലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സാധൂകരണം നൽകുന്ന വിഷയത്തിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്നും സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശ പരിഗണിച്ചും 13.05.2016 ലെ പഞ്ചായത്ത് സമിതി സാധാരണ

മീറ്റിംഗിലെ തീരുമാനത്തിന്റെയും 5.11.2016 ലെ ഇടുക്കി ജില്ലാ മോണിറ്ററിംഗ് സമിതിയുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ സാധൂകരണം നൽകുന്ന വിഷയത്തിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്ന ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് കണക്കിലെടുത്തും ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിലെ 2010-11, 2011-12 വർഷങ്ങളിലെ ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3.1 (എ) പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 25,974/- (ഇരുപത്തി അയ്യായിരത്തി തൊള്ളായിരത്തി എഴുപത്തി നാല് രൂപ മാത്രം)രൂപയുടെ ചെലവിന് സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
സെക്രട്ടറി, കരിങ്കുന്നം ഗ്രാമപഞ്ചായത്ത്, ഇടുക്കി
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**